LIBRARY ARCHIVES Kerala Legislative Assembly

യുവജനോത്സവ മാനുവൽ പരിഷ്കരണം

12 [*51] ശ്രീ. ജി. കാർത്തികേയൻ:
,, വി. ഡി. സതീശൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എ. കെ. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ യുവജനോത്സവ മാനുവൽ പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(ബി) ഈ മാറ്റങ്ങൾ യുവജനോത്സവത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുണ്ടാകുന്ന ചെലവും യുവജനോത്സവം നടത്തുന്നതിന് വേണ്ടിവരുന്ന ചെലവും കുറയ്ക്കാൻ സഹായകമാകുമോ; എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്. [മാറ്റങ്ങൾ വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച സർക്കുലർ (നമ്പർ 72/14739/2005 തീയതി 19-10-2005 അനുബന്ധമായി ചേർത്തിട്ടുണ്ട്.)]†

(ബി) സഹായകമാകും. നൃത്ത ഇനങ്ങൾക്ക് പിന്നണിയായി കാസറ്റ്/സി.ഡി. മാത്രമാക്കിയതും ഒരു കുട്ടിക്ക് പങ്കെടുക്കാവുന്ന ഇനം 8-ൽ നിന്നും 5 ആയി കുറച്ചതിനാലും ഇക്കാര്യത്തിലുണ്ടാവുന്ന ചെലവിൽ ഗണ്യമായ കുറവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഉച്ചക്കഞ്ഞി, മുട്ട എന്നിവ നൽകുന്ന പരിപാടി ഹൈസ്ക്കൂൾ തലത്തിൽ കൂടി വ്യാപിപ്പിക്കാൻ നടപടി

13 [*52] ശ്രീ. മത്തായി ചാക്കോ:
,, സാജു പോൾ:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചക്കഞ്ഞിയും മുട്ടയും നൽകുന്ന പരിപാടി ഹൈസ്ക്കൂൾ തലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രൈമറി സ്കൂളുകളിൽ ഇപ്പോൾ കുട്ടികൾക്ക് മുട്ട നൽകുന്ന പരിപാടി നിലവിലുണ്ടോ; ഉണ്ടെങ്കിൽ സ്കൂളുകൾക്ക് മുട്ട നൽകുന്നതിനുള്ള ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്;

(സി) മുട്ടയുടെ വിലയായി സർക്കാർ നൽകുന്ന തുക കുറവായതിനാൽ മുട്ട വിതരണം സ്കൂളുകളിൽ നിലച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിതരണം പുനഃസ്ഥാപിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മുട്ടയ്ക്ക് പകരം തേൻ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഇല്ല.

(ബി) നിലവിലുണ്ട്. മുട്ടയുടെ സംഭരണവും വിതരണവും സംസ്ഥാനത്തെ കുടുംബശ്രീയുടെ കീഴിലുള്ള സി. ഡി. എസ്./അയൽക്കൂട്ടങ്ങൾ മുഖേനയാണ് നടത്തുന്നത്. കുടുംബശ്രീ യൂണിറ്റുകൾക്ക് മുട്ട ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വിലനിലവാരത്തിലധികമാകാതെ വാങ്ങി വിതരണം നടത്തുവാൻ അതാത് സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് അനുവാദവും നൽകിയിട്ടുണ്ട്.

(സി) മുട്ട വിതരണം നിലച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും സ്കൂളുകളിൽ നിശ്ചിത ദിവസം മുട്ട ലഭ്യമാകാതെ വരുകയാണെങ്കിൽ അതേ ആഴ്ചയിൽ മറ്റൊരു ദിവസം മുട്ട വിതരണം നടത്തുന്നുണ്ട്.

(ഡി) പരിഗണനയിലില്ല.

പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിനുള്ള മിനിമം മാർക്ക്

14 [*53] ശ്രീ. പി. ജയരാജൻ:
" രാജു എബ്രഹാം:
" വി. കെ. ചന്ദ്രൻ:
" കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്നതിന് +2 പരീക്ഷയിൽ 50% മാർക്ക് നേടിയിരിക്കണമെന്ന വ്യവസ്ഥ നീക്കം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, അതിനുള്ള കാരണം വിശദീകരിക്കുമോ;

(ബി) മിനിമം മാർക്ക് സംബന്ധിച്ച വ്യവസ്ഥ നീക്കം ചെയ്യണമെന്ന് സ്വകാര്യ കോളേജ് മാനേജ്മെന്റുകൾ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ;

(സി) മിനിമം മാർക്ക് വ്യവസ്ഥ നീക്കം ചെയ്യുന്ന കാര്യത്തിൽ ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി എന്തെങ്കിലും തീരുമാനം എടുത്തിരുന്നോ, ബന്ധപ്പെട്ട സർവകലാശാലകളുടെ അക്കാഡമിക് കൗൺസിൽ ഇക്കാര്യത്തിൽ അനുമതി നൽകിയിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) എഞ്ചിനീയറിംഗ് കോഴ്സ് പ്രവേശനത്തിന് +2 പരീക്ഷകൾക്ക് 50% മാർക്ക് വേണമെന്ന വ്യവസ്ഥ നീക്കം ചെയ്തിട്ടുണ്ട്. എ. ഐ. സി. ടി. ഇ.യുടെ മാനദണ്ഡം കേരളത്തിലും ബാധകമാക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. വൈസ് ചാൻസലർമാരുടെ പൊതുവേദിയായ ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി (ഐ.യു.സി.സി.)യും ഇക്കാര്യം ശുപാർശ ചെയ്തിരുന്നു. മെഡിക്കൽ പ്രവേശനത്തിന് നിലവിലുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly